Estd. 2004

# كلية الشريعة للبنات

# വനിതാ ശരീഅത്ത് കോളേജ്

# SHAREE'ATH COLLEGE FOR WOMEN

(Affiliated to University of Calicut)

*(Run by: Samastha Kerala Jam-iyyathul Muallimeen Central Council)*

Chappapara, Chelari, Chenakkalangadi (P.O.)
Thenhipalam, Malappuram 673636.
Ph: 0494 2404218, 2400530,9747785954

## PROSPECTUS

*അസ്സലാമു അലൈക്കും*

കേരള മുസ്‌ലിംകളുടെ ആദർശ സംരക്ഷണവും ധാർമിക ഉന്നമനവും മതഭൗതിക വിദ്യാഭ്യാസ പുരോഗതിയും ലക്ഷ്യമാക്കി സ്ഥാപിതമായതാണ് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ. സമുദായത്തിന്റെ മത വിദ്യാഭ്യാസത്തിന്റെ ചുക്കാൻ പിടിക്കുന്ന ഘടകമാണ് സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡ്. അതിനു കീഴിൽ സേവനം ചെയ്യുന്ന ഒരു ലക്ഷത്തോളം ഉസ്താദുമാരുടെ മഹത്തായ പ്രസ്ഥാനമാണ് സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ.

മദ്റസാ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും മാനേജിങ് കമ്മിറ്റികളുടെയും സമൂഹത്തിന്റെ അർദ്ധവിഭാഗമായ സ്ത്രീ സമൂഹത്തിന്റെയും വിദ്യാഭ്യാസ പുരോഗതിയും ധാർമിക ഉന്നതിയും സാമ്പത്തിക ക്ഷേമവും ലക്ഷ്യംവെച്ച് മുഅല്ലിം ക്ഷേമനിധി, പെൻഷൻ, സർവീസ് ആനുകൂല്യം, ഹയർ സെക്കണ്ടറി, സെക്കണ്ടറി മദ്റസാ ഗ്രാന്റ്, അധ്യാപക വിദ്യാർത്ഥി കലാ മത്സരങ്ങൾ, പഠന ക്യാമ്പുകൾ, ശിൽപശാലകൾ, അധ്യാപക വിദ്യാർത്ഥി അവാർഡുകൾ, മുഅല്ലിം ട്രെയ്നിങ് സെന്റർ, ഇൻസർവ്വീസ്, ലിഖിത പരിജ്ഞാന കോഴ്സുകൾ, തദ്രീബ് തുടങ്ങി ഒട്ടനവധി പദ്ധതികളും പരിപാടികളും പ്രവർത്തന രംഗത്ത് സെൻട്രൽ കൗൺസിൽ ഇതിനകം കാഴ്ചവെച്ചിട്ടുണ്ട്. സെൻട്രൽ കൗൺസിലിന്റെ സംരംഭങ്ങളിൽ മറ്റൊന്നാണ് ശരീഅത്ത് കോളേജ് ഫോർ വിമൻ.

സമൂഹത്തിന്റെ പാതിയും കുടുംബത്തിന്റെ ഭരണാധിപയുമായ സ്ത്രീ സമൂഹത്തെ അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ ആശയാദർശങ്ങളിൽ അടിയുറച്ചു നിർത്തുന്നതിനും ഭാവി കുടുംബ ജീവിതത്തിൽ തങ്ങളിലർപ്പിതമായ ഉത്തമ സമൂഹസൃഷ്ടിപ്പിന്നും ഉതകുന്ന മതവിജ്ഞാനത്തോടൊപ്പം അഫ്സലുൽ ഉലമ പ്രിലിമിനറി, ബി.എ. അഫ്സലുൽ ഉലമ ഡിഗ്രി, പ്ലസ് വൺ ഹ്യൂമാനിറ്റീസ് എന്നീ കോഴ്സുകളും കമ്പ്യൂട്ടർ, ടൈലറിങ് എന്നിവയിൽ പരിശീലനവും നൽകി പ്രാപ്തരാക്കുക എന്നതാണ് സ്ഥാപനലക്ഷ്യം.

ഭാരിച്ച ഉത്തരവാദിത്വമാണ് ഇക്കാലത്ത് സ്ത്രീയിൽ അർപിതമായിട്ടുള്ളത്. സമൂഹത്തിന്റെ മറുപാതിയായ പുരുഷൻ ഉപജീവനമാർഗം തേടി നാടും വീടും വിട്ട് മാസങ്ങളും വർഷങ്ങളും അകന്നു കഴിയേണ്ടി വരുമ്പോൾ പ്രത്യേകിച്ചും. ഇന്നത്തെ അണുകുടുംബ ജീവിതത്തിൽ കുടുംബിനിയെ സഹായിക്കാൻ മറ്റാരുമുണ്ടാവാത്ത അവസ്ഥയുമാണുള്ളത്. ഈ സ്ഥിതിയിൽ വീടു-കുടുംബത്തിന്റെ പൂർണ ഉത്തരവാദിത്വം എല്ലാ അർത്ഥത്തിലും കുടുംബിനിയിൽ വന്നു ചേർന്നിരിക്കുന്നു. ചുരുക്കത്തിൽ കുടുംബിനിക്ക് തന്റെ ഉത്തരവാദിത്വ നിർവഹണത്തിന് മതപരവും ഭൗതികവുമായ വിദ്യാഭ്യാസം അനിവാര്യമാണ്.

പുതിയ സ്കൂൾ പാഠ്യപദ്ധതി അനുസരിച്ച് പഠനത്തിൽ മക്കളെ സഹായിക്കുകയും അവരുടെ കഴിവ് മനസ്സിലാക്കി ആവശ്യമായ കോഴ്സിന് പറഞ്ഞയക്കുകയും ചെയ്യേണ്ട ചുമതല കുടുംബിനിക്കാണ്. അതിലുപരി ഭൗതിക സാഹചര്യങ്ങളും വീടിനു വെളിയിലെ സൗഹൃദങ്ങളും മക്കളെ വഴിപിഴപ്പിക്കുന്നത് തടയുന്നതിനും മാതാക്കൾക്ക് മതവിജ്ഞാനവും ധാർമിക ബോധവും അനിവാര്യമാണ്. ഈ സ്ഥാപനം ലക്ഷ്യമാക്കുന്നതും അതുതന്നെ. സ്ഥാപന ഭാരവാഹികൾ മാത്രം വിചാരിച്ചാൽ ഇതു സഫലമാവില്ല. അധ്യാപകരും രക്ഷിതാക്കളും വിദ്യാർത്ഥിനികളും ഉത്സാഹിക്കുകയും ആത്മാർത്ഥതയോടെ പ്രയത്നിക്കുകയും ചെയ്യണം.

വിജ്ഞാനവും പക്വതയും ആർജ്ജിച്ച വിവേകമതിയായ സ്ത്രീയിലൂടെ മാത്രമേ കുടുംബവും സമൂഹവും പ്രദേശവും നന്നായിത്തീരൂ എന്ന യാഥാർത്ഥ്യം ഓരോ സ്ത്രീയും മനസ്സിലാക്കേണ്ടതാണ്.

ഈ സ്ഥാപനംകൊണ്ട് ഭൗതിക നേട്ടമോ വ്യക്തിതാൽപര്യങ്ങളോ പാർട്ടി പ്രചാരണമോ സമസ്ത ലക്ഷ്യമാക്കുന്നില്ല. മറിച്ച് ഉപരി സൂചിത ലക്ഷ്യങ്ങളിലൂടെ മുസ്‌ലിം സമുദായത്തിന്റെ മതധാർമിക പുരോഗതിയും പരലോക മോക്ഷവുമാണ് പ്രസ്ഥാനം ആഗ്രഹിക്കുന്നത്. അതിന് സർവ്വാത്മനാ എല്ലാവരും സഹായിക്കണം.

പെൺകുട്ടികളെ ഉദ്ദേശിച്ചു നടത്തപ്പെടുന്ന സ്ഥാപനമാണ് ഇത്. സ്ത്രീകളും പുരുഷന്മാരും ശാരീരികമായും ചിന്താപരമായും അന്തരങ്ങളുള്ളതിനാൽ മതപരമായ ജീവിത ക്രമത്തിലും ചില വ്യത്യാസങ്ങൾ ഉണ്ട്. മദ്റസകളിൽ പഠിച്ചും ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങളിൽ വായിച്ചും അവ മനസ്സിലാക്കിയവരാണ് പലരും. ഇതുവരെ പഠിച്ചവയും ഇനി പഠിക്കുന്നവയും നാം ജീവിതത്തിൽ നിർബന്ധമായും പാലിക്കണം. പഠിച്ചത് ജീവിതത്തിൽ പകർത്തിയും ഉപദേശിച്ചും മറ്റുള്ളവരെക്കൂടി ധാർമിക പാതയിലേക്ക് കൊണ്ടുവരികയും വേണം. അപ്പോഴേ പഠിച്ചവരുടെ ബാധ്യത തീരുന്നുള്ളൂ. അത് പരലോകത്ത് വലിയ പ്രതിഫലം ലഭിക്കുന്ന ഒരു നിക്ഷേപവുമാണ്. അതിനാൽ ഇവിടെ പഠിക്കാൻ വരുന്നവർ അല്ലാഹുവിനെയും റസൂലിനെയും സ്വന്തം മനസ്സാക്ഷിയെയും സാക്ഷികളാക്കിക്കൊണ്ട് ഇനി മുതൽ ഞാൻ പഠിച്ചത് ജീവിതത്തിൽ പകർത്തി മറ്റുള്ളവർക്ക് മാതൃകയായി ജീവിക്കുമെന്നും തന്നെയും തന്റെ ഉത്തരവാദിത്വത്തിൽ വരാൻപോകുന്ന കുടുംബത്തെയും നരകത്തിൽ അകപ്പെട്ടു പോകാതിരിക്കാൻ പരമാവധി സൂക്ഷ്മത പാലിച്ച് ജീവിക്കുമെന്നും ആത്മപ്രതിജ്ഞ എടുക്കണം. ഐഹിക ജീവിതം-നമ്മുടെ ആയുസ്സ്- സുഖവും ദുഃഖവുമായി, വേനലും വർഷവുമായി, വീടും കുടുംബവുമായി, അതിവേഗം കഴിഞ്ഞുപോകും. കളിയുടെയും ചിരിയുടെയും കാലം നമുക്കു കഴിഞ്ഞു. പിന്നിട്ടകാലം ഓർത്തുനോക്കുമ്പോൾ ഏതാനും നിമിഷങ്ങളോ ദിവസങ്ങളോ മാത്രമേ ഓർമിച്ചെ

ടുക്കാൻ കഴിയൂ. ഇനി ബാധ്യത ചുമലിൽ വന്നാലാവട്ടെ ജീവിതം പോകുന്നത് തീരെ അറിയില്ല. പിന്നീട് വാർദ്ധക്യം ബാധിച്ചാൽ തിരിഞ്ഞ് നോട്ടം പ്രയോജനപ്പെടുകയുമില്ല.

അനശ്വരമായ ജീവിതം മുന്നിൽ കണ്ട് ഇന്നത്തെ ജീവിതം ക്രമപ്പെടുത്താൻ ആയുസ്സും ആരോഗ്യവും വിജ്ഞാനവും സമ്പത്തും സമയവുമെല്ലാം നാം വിനിയോഗിക്കണം. അവയെക്കുറിച്ചെല്ലാം പരലോകത്ത് ചോദ്യം ചെയ്യപ്പെടും, തീർച്ച.

# സ്ഥാപനത്തിലെ കോഴ്സുകൾ

## 1. അഫ്സലുൽ ഉലമ പ്രിലിമിനറി (രണ്ട് വർഷം)

**യോഗ്യത:** എസ്.എസ്.എൽ.സി

സിലബസ്: കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സിലബസ് പ്രകാരമുള്ള പുസ്തകങ്ങൾ, സ്ഥാപനം നിശ്ചയിക്കുന്ന ഇസ്‌ലാമിക ഗ്രന്ഥങ്ങൾ.

## 2. ബി.എ. അഫ്സലുൽ ഉലമ ഡിഗ്രി (മൂന്ന് വർഷം)

**യോഗ്യത:** അഫ്സലുൽ ഉലമ പ്രിലിമിനറി/+2 .

സിലബസ്: കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സിലബസ് പ്രകാരമുള്ള പുസ്തകങ്ങൾ, സ്ഥാപനം നിശ്ചയിക്കുന്ന ഇസ്‌ലാമിക ഗ്രന്ഥങ്ങൾ.

## 3. ശരീഅത്ത് കോഴ്സ് (ഒരു വർഷം)

**യോഗ്യത:** എസ്.എസ്.എൽ.സി/+2 ജയിച്ചവരും അല്ലാത്തവരും

സിലബസ്: ഖുർആൻ, ഹദീസ്, ഫിഖ്ഹ്, അഖീദ, ഇസ്‌ലാമിക ചരിത്രം, അറബി സാഹിത്യം, വ്യാകരണം. (പഠിതാക്കളുടെ എണ്ണമനുസരിച്ച് ഫീസ് തീരുമാനിക്കുന്നതാണ്.)

## 4. +1 ഹ്യൂമാനിറ്റീസ് (പ്രൈവറ്റ്)

**യോഗ്യത:** എസ്.എസ്.എൽ.സി.

സിലബസ്: കേരള സർക്കാർ സിലബസ്. സ്ഥാപനം നിശ്ചയിക്കുന്ന ഇസ്‌ലാമിക ഗ്രന്ഥങ്ങൾ.

***പാഠ്യേതര പരിചയം:*** പ്രസംഗപരിശീലനം, സാഹിത്യ സമാജം, ഉത്ബോധന ക്ലാസുകൾ, ടൈലറിങ്.

## പരീക്ഷ

അഫ്സലുൽ ഉലമ പ്രിലിമിനറി, ബി.എ.അഫ്സലുൽ ഉലമ എന്നീ കോഴ്സുകൾക്ക് കാലിക്കറ്റ് യൂണിവേഴ്സിറ്റി അംഗീകാരം ലഭിച്ചതിനാൽ സ്ഥാപനത്തിൽ തന്നെ പരീക്ഷ എഴുതാൻ സൗകര്യമുണ്ടായിരിക്കും. മറ്റു വിഷയങ്ങളിൽ സ്ഥാപനം നേരിട്ടു പരീക്ഷ നടത്തി

സർട്ടിഫിക്കറ്റ് നൽകുന്നതാണ്. +1-ന് സർക്കാർ നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളിലായിരിക്കും പരീക്ഷാ സെന്റർ.

## അപേക്ഷാഫോറം

അപേക്ഷ ഫോറവും പ്രോസ്പെക്ടസും കോളേജ് ഓഫീസിൽ 100 രൂപക്കും തപാലിൽ 110 രൂപക്കും ലഭിക്കുന്നതാണ്. തപാൽ മാർഗം അപേക്ഷാ ഫോറം ആവശ്യമുള്ളവർ എം.ഒ./ഡി.ഡി. യോടൊപ്പം പൂർണമായ മേൽവിലാസം എഴുതേണ്ടതാണ്. www.skjmcc.com എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്യാവുന്നതുമാണ്.

എം.ഒ./ഡി.ഡി. അയക്കേണ്ട വിലാസം: പ്രിൻസിപ്പാൾ, ശരീഅത്ത് കോളേജ് ഫോർ വിമൻ, ചാപ്പപ്പാറ, ചെനക്കലങ്ങാടി പി.ഒ, തേഞ്ഞിപ്പലം, മലപ്പുറം ജില്ല - 673636. ഫോൺ: 9747785954

## അഡ്മിഷൻ അറിയിപ്പ്

പൂരിപ്പിച്ച അപേക്ഷകൾ സർട്ടിഫിക്കറ്റ് കോപ്പി സഹിതം നിശ്ചിത തിയ്യതിക്കകം ഓഫീസിൽ എത്തിക്കണം. ഇന്റർവ്യൂവിന് വരുമ്പോൾ ഒറിജിനൽ രേഖകളും രണ്ട് കോപ്പി പാസ്പോർട്ട് സൈസ് ഫോട്ടോയും ഹാജരാക്കണം. അഫ്സലുൽ ഉലമ പ്രിലിമിനറിക്കും ശരീഅത്ത് കോഴ്സിനും, +1 നും ചേരുന്നവർ SSLC ബുക്ക്, TC; ബി.എ. അഫ്സലുൽ ഉലമക്ക് ചേരുന്നവർ SSLC ബുക്ക്, +2 മാർക്ക് ലിസ്റ്റ്, പ്രിലിമിനറി മാർക്ക് ലിസ്റ്റ്, TC എന്നീ രേഖകൾ ഹാജരാക്കണം.

## നിർദ്ദേശങ്ങൾ

1. വിദ്യാർത്ഥിനികളും രക്ഷിതാക്കളും അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ ആശയാദർശങ്ങൾ പിന്തുടരുന്നവരും, ആചാരാനുഷ്ഠാനങ്ങൾ യാതൊരു വൈമനസ്യവുമില്ലാതെ നിർവ്വഹിക്കുന്നവരുമായിരിക്കണം.

2. സ്ഥാപനം, സംഘടന, സമുദായം എന്നിവയുടെ പുരോഗതിക്കുവേണ്ടി സ്ഥാപന മേധാവികളോ സംഘടനാ നേതാക്കളോ നൽകുന്ന ഉപദേശ നിർദ്ദേശങ്ങൾ വിദ്യാർത്ഥിനികളും രക്ഷിതാക്കളും അംഗീകരിക്കേണ്ടതാണ്. അഡ്മിഷൻ സമയത്തും സ്ഥാപന ഭാരവാഹികൾ ആവശ്യപ്പെടുമ്പോഴും യഥാർത്ഥ രക്ഷിതാവ് തന്നെ വിദ്യാർത്ഥിനിയോടൊപ്പം ഹാജരാവേണ്ടതാണ്.

3. ഇസ്‌ലാമിന്റെ ഇസ്സത്തിന് വിരുദ്ധമായി പ്രവർത്തിക്കുകയോ അധ്യാപകരുടെയും സ്ഥാപന മേധാവികളുടെയും നിർദ്ദേശോപദേശങ്ങൾ ലംഘിക്കുകയോ ചെയ്താൽ അത്തരം വിദ്യാർത്ഥിനികളെ സ്ഥാപനത്തിൽനിന്നു പുറത്താക്കുന്നതാണ്. യാതൊരു ശുപാർശയും സ്വീകരിക്കപ്പെടുകയില്ല.

4. നേരിട്ടോ ഫോൺ വഴിയോ സ്ഥാപനവുമായി ബന്ധപ്പെട്ട് കുട്ടി

കളുടെ ഹാജർ, പഠന നിലവാരം എന്നിവ രക്ഷിതാക്കൾ അന്വേഷി ക്കേണ്ടതാണ്.

5. രാവിലെ 9.30 ന് ക്ലാസ് ആരംഭിക്കുന്നതിനാൽ 5 മിനുട്ട് മുമ്പേ കുട്ടികൾ ക്ലാസ് റൂമിൽ എത്തിച്ചേരേണ്ടതാണ്.

6. വീട്ടിൽനിന്ന് കോളേജ് കാമ്പസിൽ എത്തുന്നത് വരെയും ക്ലാസ് കഴിഞ്ഞ് വീട്ടിലെത്തുന്നതുവരെയുമുള്ള സുരക്ഷിതത്വം കുട്ടികളു ടെയും രക്ഷിതാക്കളുടെയും സ്വന്തം ഉത്തരവാദിത്വത്തിൽ മാത്രമാ യിരിക്കും.

7. അനിവാര്യ ആവശ്യങ്ങൾക്ക് വേണ്ടി കുട്ടിയെ കൂട്ടാൻ വരുന്ന വർ സ്ഥാപനത്തിന് ബോധ്യമുള്ളവരും വിദ്യാർത്ഥിനിയുടെ മഹ്റമും (അടുത്ത രക്തബന്ധമുള്ളവർ) ആയിരിക്കണം.

8. കാമ്പസിൽ നിസ്കാരത്തിനുള്ള സൗകര്യമുണ്ടായിരിക്കും. അതിന് ആവശ്യമായ വസ്ത്രം ഓരോ വിദ്യാർത്ഥിനിയും കൊണ്ടു വരേണ്ടതാണ്.

9. ഞായർ, രണ്ടാം ശനി, മുഹർറം 9, 10, റബീഉൽ അവ്വൽ 12, റജബ് 27, ശഅ്ബാൻ 15, റമളാൻ 25 മുതൽ ശവ്വാൽ 3 ഉൾപ്പെടെ, ദുൽഹിജ്ജ 9 മുതൽ 13 ഉൾപ്പെടെ, ജനുവരി 26, ആഗസ്റ്റ് 15 എന്നീ ദിവസങ്ങളും സ്ഥാപന ഭാരവാഹികൾ തീരുമാനിക്കുന്ന മറ്റു ദിവസ ങ്ങളും പഠനമുണ്ടായിരിക്കുന്നതല്ല.

10. അത്യാവശ്യ കാര്യങ്ങൾക്കല്ലാതെ അധ്യയന ദിവസങ്ങളിൽ വിദ്യാർത്ഥിനികൾക്ക് ലീവ് അനുവദിക്കുന്നതല്ല. അത്തരം ലീവു കൾക്ക് രക്ഷിതാവിന്റെ ഒപ്പ് സഹിതം ലീവ്ലെറ്റർ ക്ലാസ് അദ്ധ്യാപ കൻ മുഖേന സ്ഥാപനമേധാവിയെ ഏൽപിക്കേണ്ടതാണ്. രണ്ട് ദിവ സത്തിലധികം നീണ്ട ലീവ് കഴിഞ്ഞ് ഹാജരാവുന്നവർ രക്ഷിതാവിനെ കൂട്ടി നേരിൽ വന്ന് കാരണം ബോധിപ്പിക്കേണ്ടതാണ്.

11. പാഠപുസ്തകങ്ങൾ, പഠനോപകരണങ്ങൾ, പരീക്ഷാ ഫീസ്, യാത്രാ ചെലവുകൾ എന്നിവ വിദ്യാർത്ഥിനികൾ തന്നെ വഹിക്കേ ണ്ടതാണ്.

12. ദൂരക്കാരായ വിദ്യാർത്ഥിനികൾക്ക് ഭക്ഷണ-താമസ സൗകര്യം ലഭ്യമാണ്. ഡ്രസ്സും നിത്യോപയോഗ സാധനങ്ങളും സ്റ്റേഷനറി ഇന ങ്ങളും സ്വന്തമായി കൊണ്ടുവരേണ്ടതാണ്.

13. അയൽക്കാരോ അയൽപ്രദേശക്കാരോ ആയ വിദ്യാർത്ഥിനി കൾ വരുന്നതും പോകുന്നതും ഒന്നിച്ചാവാൻ ശ്രദ്ധിക്കണം. വീട്ടിൽനിന്ന് പുറപ്പെടുമ്പോഴും കോളേജിൽനിന്ന് മടങ്ങുമ്പോഴും നിശ്ചിത ദിക്റ് ദുആകൾ പതിവാക്കണം.

14. മതപരവും ഭൗതികവുമായ അറിവ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി കഴിയുന്നത്ര ലൈബ്രറി പുസ്തകങ്ങൾ സംഘടിപ്പിച്ചു വായിക്കാനും

സ്വയം പഠിച്ച വല്ല കൈത്തൊഴിലുമുണ്ടെങ്കിൽ അത് സഹപാഠി കളെ പഠിപ്പിക്കാനും ശ്രമിക്കണം.

15. അന്യോന്യം സ്നേഹത്തിലും സൗഹാർദത്തിലും വർത്തിക്കുക, കാമ്പസിൽ കൂട്ടുകാരികൾ തമ്മിലും വീട്ടിൽ അംഗങ്ങൾ തമ്മിലും സലാം പറഞ്ഞ് ശീലിക്കുക, കഴിയുന്ന സഹായം പരസ്പരം ചെയ്യുക.

16. സ്വുബ്ഹ് ഉൾപ്പെടെയുള്ള ഫർള് നിസ്കാരങ്ങൾ ഖളാഅ് ആവാതെ നിസ്കരിക്കുക, റവാത്തിബ്, ളുഹാ, തഹജ്ജുദ് നിസ്കാര ങ്ങളും ഉറങ്ങാൻ കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴുമുള്ള ദിക്റു കളും പതിവാക്കുക.

17. ഭക്ഷണം കഴിക്കുന്നിടത്തും മറ്റും ബഹളമുണ്ടാക്കാതിരിക്കുക, പൊട്ടിച്ചിരിയും ഉച്ചത്തിലുള്ള സംസാരവും ഉപേക്ഷിക്കുക, അധ്യാപകരോടും സ്ഥാപന നടത്തിപ്പുകാരോടും മാന്യമായി പെരുമാറുക, അനാവശ്യമായി ആരോടും ഇടപഴകാതിരിക്കുക, ക്ലാസ് റൂമുകളും പരിസരവും വൃത്തിയായി സൂക്ഷിക്കുക, ശുദ്ധി ഈമാനിന്റെ ഭാഗ മാണെന്ന ബോധത്തോടെ നാം പെരുമാറുന്ന സ്ഥലങ്ങളെല്ലാം വൃത്തിയായി സൂക്ഷിക്കുക.

ഇസ്ലാമിന്റെ അന്തസ്സും സ്ഥാപനത്തിന്റെ അഭിമാനവും കാത്തു സൂക്ഷിക്കുന്ന മാതൃകാ വിദ്യാർത്ഥിനികളായി, ഭാവിയിൽ ഭർത്താ വിനെയും മക്കളെയും ശുശ്രൂഷിക്കുന്ന ഉത്തമ കുടുംബിനികളായി, ഇഹത്തിലും പരത്തിലും മാതാപിതാക്കൾക്ക് ഉപകരിക്കുന്ന മക്ക ളായി ജീവിക്കാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. ആമീൻ.

## നിബന്ധനകൾ

1. മഹ്റമിന്റെ കൂടെയല്ലാതെ കുട്ടിയെ കൊണ്ടുവരാനോ കൊണ്ടു പോകാനോ അനുവദിക്കുന്നതല്ല.

2. കോളേജ് യൂണിഫോം കറുത്ത പർദ്ദയും ക്രീം മഫ്തയും ഹിജാബും സോക്സുമാണ്. ഫുൾകൈയും ഇറക്കവുമുള്ള വസ്ത്രം ഹോസ്റ്റലിനകത്തും ധരിക്കേണ്ടതാണ്.

3. ഒരു കാരണവശാലും സ്ഥാപനത്തിൽ മൊബൈൽ ഫോൺ ഉപയോഗിക്കരുത്. ആഭരണങ്ങളും അമൂല്യവസ്തുക്കളും സ്വന്തം ഉത്ത രവാദിത്വത്തിൽ സൂക്ഷിക്കേണ്ടതാണ്.

4. പ്രിലിമിനറിയിൽ ചേരുന്നവർ 2 വർഷ കോഴ്സ് പൂർത്തിയാ ക്കേണ്ടതാണ്.

5. മാസത്തിലൊരിക്കൽ രണ്ട് ദിവസം കോളേജ് അനുവദിക്കുന്ന ലീവല്ലാതെ ഹോസ്റ്റൽ വിദ്യാർത്ഥിനികൾക്ക് അവധി നൽകുന്നതല്ല.

പ്രിൻസിപ്പാൾ

(ഒപ്പ്)